**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1399** **14-03-2022 - ൽ മറുപടിയ്ക്ക്**

**ഇതര സംസ്ഥാന തൊഴിലാളികൾക്ക് ഹോസ്റ്റൽ സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഇതര സംസ്ഥാന തൊഴിലാളികൾക്ക് കുറഞ്ഞ വാടകയ്ക്ക് ഹോസ്റ്റൽ സൗകര്യം ഒരുക്കുന്നതിന് സർക്കാർ ആവിഷ്കരിച്ച നൂതന പദ്ധതി പ്രകാരം താമസ സൗകര്യം എത്രപേർക്ക് നൽകാൻ കഴിഞ്ഞിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ; | (എ) | എ) ഭവനം ഫൗണ്ടേഷൻ കേരള മുഖേന നിർമ്മാണം പൂർത്തിയായ 620 കിടക്കകളോട്ടുകൂടിയ അപ്നാഘർ പാലക്കാട് പദ്ധതി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് എറണാകുളം ജില്ലയിലെ കളമശ്ശേരിയിലും കോഴിക്കോട് ജില്ലയിലെ കിനാലൂരിലും സ്ഥലം ഏറ്റെടുക്കുകയും കിനാലൂർ ഫേസ് 1 -ൽ 100 കിടക്കകളും മറ്റ് അനുബന്ധ സൗകര്യങ്ങളും ഉൾക്കൊള്ളുന്ന താഴത്തെ നിലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നുമുണ്ട്. |
| (ബി) | അപകടത്തിൽ മരണപ്പെടുന്ന എസ്റ്റേറ്റ് തൊഴിലാളികളുടെ നിയമാനുസൃത അനന്തരാവകാശിയ്ക്ക് ഒറ്റത്തവണ സാമ്പത്തിക സഹായമായി 25,000/- രൂപ നൽകുന്നതിനുള്ള പദ്ധതി പ്രകാരം 2021-22 കാലയളവിൽ എത്രപേർക്ക് കേരളത്തിൽ സാമ്പത്തിക സഹായം നൽകാൻ കഴിഞ്ഞു എന്നുള്ള കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കാമോ; നിലവിൽ ഈ വർഷം കുടിശ്ശികയുണ്ടോയെന്ന് അറിയിക്കുമോ? | (ബി) | ബി)അപകടത്തിൽ മരണപ്പെടുന്ന എസ്റ്റേറ്റ് തൊഴിലാളികളുടെ നിയമാനുസൃത അനന്തരാവകാശികൾക്ക് ഒറ്റത്തവണ നൽകി വരുന്ന ധനസഹായം 25,000/- രൂപ എന്നത് 1,00,000/-രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2021-22 കാലയളവിൽ പ്രസ്തുത ധനസഹായം കൊല്ലം ജില്ലയിൽ 5 പേർക്കും, പത്തനംതിട്ട ജില്ലയിൽ ഒരാൾക്കും, ഇടുക്കി ജില്ലയിൽ 37 പേർക്കും എറണാകുളം ജില്ലയിൽ 2 പേർക്കും, പാലക്കാട് ജില്ലയിൽ 2 പേർക്കും വയനാട് ജില്ലയിൽ 5 പേർക്കും ഉൾപ്പെടെ ആകെ 52 പേർക്ക് നൽകിയിട്ടുണ്ട്. 2021-22 കാലയളവിൽ കുടിശ്ശിക ഇനത്തിൽ 35 അപേക്ഷകൾ ഉണ്ട്. നടപ്പുസാമ്പത്തിക വർഷം ബഡ്ജറ്റിൽ ശേഷിക്കുന്ന 13,25,000/- രൂപ ടി അപേക്ഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ